The Palai Diocesan Bulletin

സാന്ത്വനപ്രകാശം

Dominus Illuminatio Mea

Vol. XVII | 1967 OCTOBER | No. 4

Pastoral Letter No. 85

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
സംതൃപ്തിയാലും പാലാ രൂപതയുടെ
മെത്രാനായ

നാം

വയലിൽ  സെബാസ്റ്റ്യൻ

നമ്മുടെ അധികാരത്തിലുള്ള പള്ളികളിലേ ബ. വൈദികർക്കും
സന്യാസിമാർക്കും കന്യാസ്ത്രീകൾക്കും നമ്മുടെ പ്രിയപ്പെട്ട
വിശ്വാസികൾ ഏവർക്കും നമ്മുടെ കർത്താവിൽ
സമാധാനവും വാഴ്വും

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

ക്രിസ്തുനാഥൻ ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും നല്കി ശിഷ്യന്മാരെ പഠിപ്പിച്ചു. സമാധാനത്തിന്റേയും സ്നേഹത്തിന്റേയും നിത്യരക്ഷയുടേയും സന്ദേശം അവരെ ഏല്പിച്ചു. അതു് എല്ലാവരേയും അറിയിക്കുവാൻ അവരോടു് ആജ്ഞാപിക്കുകയുംചെയ്തു. വി. മത്തായി ഇങ്ങനെ രേഖപ്പെടുത്തുന്നു: "ഈശോ അവരെ സമീപിച്ചു് അരുൾചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളേയും പഠിപ്പിക്കുകയും പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുവിൻ. ഞാൻ ആജ്ഞാപിച്ചിട്ടുള്ളവയെല്ലാം അനുഷ്ഠിക്കുവാൻ അവരെ അഭ്യസിപ്പിക്കുവിൻ. ലോകാവസാനത്തോളം എല്ലാ ദിവസവും ഞാൻ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും" (St. Mathew 28, 18 - 20). വി. മർക്കോസും ഈ കാര്യം രേഖപ്പെടുത്തുന്നുണ്ടു്: "അവിടുന്നു് അരുൾചെയ്തു: നിങ്ങൾ പോയി ലോകമെങ്ങും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (St. Mark 16, 15 - 16).

മേലുദ്ധരിച്ച സുവിശേഷവാക്യങ്ങളിൽനിന്നും, ലോകമെങ്ങുമുള്ള എല്ലാ ജനങ്ങളേയും രക്ഷകന്റെ സന്ദേശം അറിയിക്കുവാനുള്ള കടമ ശിഷ്യന്മാർക്കു നല്കപ്പെട്ടിരിക്കുന്നതായി കാണാമല്ലോ. ശിഷ്യന്മാരിൽനിന്നു് അവരുടെ പിൻഗാമികളിലേക്കും, അങ്ങനെ എല്ലാക്കാലത്തും തിരുസഭയിൽ ഈ ദൗത്യം നിർവ്വഹിക്കപ്പെടേണ്ടതായി നിലനില്ക്കുന്നു. അതിനാലാണു് സഭ സ്വഭാവത്താലെതന്നെ പ്രേഷിതയാണു് എന്നു് രണ്ടാം വത്തിക്കാൻ സൂനഹദോസു് പ്രഖ്യാപിച്ചതു്. "മനുഷ്യവർഗ്ഗത്തിന്റെയാകെ രക്ഷയ്ക്കാ

യി ഒരിക്കൽ കർത്താവു പ്രസംഗിച്ചതും മിശിഹായിൽ പൂർത്തിയാക്കപ്പെട്ടതുമായ ആ സുവിശേഷം ഇന്നു് ജറൂസലേം മുതൽ ഭൂമിയുടെ നാലതിരോളം പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടതു് ആവശ്യമായിരിക്കുന്നു. അപ്രകാരം ഒരിക്കൽ എല്ലാവരുടേയും രക്ഷയ്ക്കായി നേടിയതു് കാലത്തിന്റെ ഗതിയിൽ സകലരിലും ഫലവത്താക്കണം" (Ad Gentes. Art. 3).

തിരുസഭയുടെ സർവ്വപ്രധാനമായ ചുമതലയാണു് സുവിശേഷം പ്രസംഗിക്കുക എന്നുള്ളതു്. മാർപ്പാപ്പായുടെ നേതൃത്വത്തിൽ മെത്രാന്മാരുടെ സംഘം, സഭ മുഴുവൻറേയും പ്രാർത്ഥനയോടും സഹകരണത്തോടുംകൂടി പ്രേഷിതവൃത്തി നിർവ്വഹിക്കുകയാണു ചെയ്യുന്നതു്. "മിഷൻ പ്രവർത്തനത്തിനുള്ള ചുമതല മെത്രാന്മാർക്കും വൈദികർക്കും കന്യാസ്ത്രീകൾക്കും മാത്രമല്ല ജ്ഞാനസ്നാനം സ്വീകരിച്ച ഏവർക്കും ഉള്ളതാണു്" എന്നു പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചിരിക്കുന്നു (Mystici Corporis).

വത്തിക്കാൻ കൗൺസിൽ ഇക്കാര്യം സംബന്ധിച്ചു രേഖപ്പെടുത്തിയിരിക്കുന്നതു് ശ്രദ്ധേയമാണു്: "അത്മായവിശ്വാസികൾ സഭയുടെ സുവിശേഷപ്രചാരണത്തിൽ സഹകരിക്കുകയും, അവിടുത്തെ സാക്ഷികളും അതേസമയം സജീവമായ ഉപകരണങ്ങളുമെന്ന നിലയിൽ അവിടുത്തെ രക്ഷണീയ ദൗത്യത്തിൽ പങ്കുചേരുകയും വേണം. ഈ ജോലിക്കായി അവരെ ദൈവം വിളിക്കുകയും മെത്രാൻ നിയോഗിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഇതു വിശേഷിച്ചും ആവശ്യമാണു്. ഇതിനകം ക്രൈസ്തവമായിത്തീർന്നിട്ടുള്ള പ്രദേശങ്ങളിൽ അല്മായ വിശ്വാസികൾ സുവിശേഷപ്രചാരണത്തിൽ സഹകരിക്കുന്നതു് തങ്ങളിലും മറ്റുള്ളവരിലും പ്രേഷിതവേലയെപ്പറ്റിയുള്ള അറിവും താൽപര്യവും വളർത്തിക്കൊണ്ടും, സ്വന്തം കുടുംബത്തിലും കത്തോലിക്കാസംഘ

ടനകളിലും വിദ്യാലയങ്ങളിലും പ്രേഷിതജീവിതത്തിലേക്കു
ള്ള ദൈവവിളി പ്രോത്സാഹിപ്പിച്ചുകൊണ്ടും, തങ്ങൾക്കു്
ദാനമായി കിട്ടിയ വിശ്വാസത്തിന്റെ വെളിച്ചം മറ്റുള്ളവ
ർക്കും നല്കുവാൻ കഴിയുന്നതിനുവേണ്ടി എല്ലാതരത്തിലുമുള്ള
സഹായവും നല്കിക്കൊണ്ടുമാണു്."

(Ad Gentes. Art 41)

ആദ്യനൂറ്റാണ്ടിൽതന്നെ ഈ ദിവ്യസന്ദേശം ലോ
കമെങ്ങും പ്രസംഗിക്കപ്പെട്ടു. കടുകുമണിപോലെ ചെറുതാ
യിരുന്ന സഭയുടെ ആരംഭം. അതിവേഗം വളർന്നു് അതു്
ഒരു വൻവൃക്ഷമായിത്തീർന്നു. അതിന്റെ ശാഖോപശാഖ
കൾ ഇന്നു ലോകത്തിലെ എല്ലാ രാജ്യങ്ങളിലേക്കും പടർന്നു
പന്തലിച്ചിരിക്കുന്നു. നാനാജാതിജനങ്ങൾ അതിന്റെ ത
ണലിൽ ആശ്വാസം കണ്ടെത്തിയിരിക്കുന്നു. എങ്കിലും ഇനി
യും അനേകലക്ഷം ജനങ്ങൾ ഈ രക്ഷാസങ്കേതം കണ്ടെ
ത്താതെ കഴിഞ്ഞുകൂടുന്നു എന്നുള്ള വസ്തുത നാം മനസ്സിലാ
ക്കണം. നമ്മുടെ മാതൃഭൂമിയായ ഭാരതത്തിലെ സ്ഥിതിത
ന്നെ നമുക്കു് ഒന്നു പരിശോധിക്കാം. അൻപത്തഞ്ചുകോടി
ഭാരതീയരിൽ ക്രിസ്തുവിന്റെ സന്ദേശം സ്വീകരിച്ചിട്ടു
ള്ളവർ കേവലം അരുപതുലക്ഷം മാത്രമാണു്. അപ്പോൾ
അനേകലക്ഷംപേർക്കു് കർത്താവിന്റെ സന്ദേശം ലഭിച്ചിട്ടി
ല്ല. ലോകദീപമായ ക്രിസ്തുവിന്റെ പ്രകാശം അവർക്കു ലഭി
ച്ചിട്ടില്ല. സത്യവും മാർഗ്ഗവും ജീവനുമായ ഈശോയെ അ
വർ അറിയുന്നില്ല. ദിവ്യനാഥന്റെ ഈ സന്ദേശം അവ
ർക്കെത്തിച്ചുകൊടുക്കേണ്ടതാരാണു്? കേരളത്തിലെ കത്തോ
ലിക്കർ അവഗാഢം ചിന്തിച്ചു മറുപടി കാണേണ്ട ചോദ്യ
മാണിതു്.

ഇൻഡ്യയിൽ പുരാതനസഭ സ്ഥിതിചെയ്യുന്നതു് കേ
രളത്തിലാണു്. നമ്മുടെ യുവതീയുവാക്കന്മാരാണു് ഇൻഡ്യ
യുടെ ഇതരഭാഗങ്ങളിലേക്കു് കടന്നുചെന്നു സുവിശേഷം അ
റിയിക്കേണ്ടതു്. വിദേശമിഷനറിമാർ ഭാരതത്തിൽ ഒട്ടേ

റെ മിഷൻപ്രവത്തനങ്ങൾ നടത്തിയിട്ടുണ്ട്; ഇപ്പോൾ അവർ തുടന്നു വേലചെയ്യുന്നുമുണ്ട്. പക്ഷേ, മാറിവരുന്ന പരിതസ്ഥിതിയിൽ, വിദേശീയർ ഇനി നമ്മുടെ നാട്ടിൽ ദീർഘനാൾ മിഷൻപ്രവത്തനങ്ങൾ തുടരുമെന്നു കരുതാവുന്നതല്ല. കേരളത്തിലെ പുരാതനസഭയുടെ സന്താനങ്ങൾ ഈ ചുമതല ഏറെറടുക്കേണ്ടതല്ലേ? "ഭാരതമേ, നിൻെറ രക്ഷ നിൻെറ സന്താനങ്ങളിൽ", എന്നുള്ള പതിമൂന്നാം ലെയോൻ മാപ്പാപ്പായുടെ വാക്കുകൾ ഇന്നു് എത്ര അത്ഥവത്തായിത്തീന്നിരിക്കുന്നു എന്നു് ഓക്കുക.

നമ്മുടെ യുവതീയുവാക്കന്മാർ പ്രേഷിതവേല ചെയ്യുന്നതിൽ കൂടുതൽ തൽപരരായിവരുന്നു എന്നുകാണുന്നതു് സന്തോഷാവഹമാണു്. ദൈവം അവരെ പ്രബുദ്ധരാക്കിത്തീർത്തിരിക്കുന്നു എന്നുകരുതാം. പരിശുദ്ധാത്മാവു് ഇപ്പോൾ സമൃദ്ധമായി ചൊരിയുന്ന അനുഗ്രഹങ്ങൾ ഏറുവാങ്ങുന്നതിനും അവ ഫലപ്രദമാക്കുന്നതിനും നാം ഉത്സുകരാകണം. പ്രേഷിതചൈതന്യം ഉദ്ദീപിപ്പിക്കുന്നതിനും ദൈവവിളി വർദ്ധമാനമാക്കുന്നതിനും സഹായകമായ ഏതാനും നിർദ്ദേശങ്ങൾ നല്കുവാൻ നാം ആഗ്രഹിക്കുന്നു.

1. കുടുംബജീവിതം ധന്യമാക്കുക.

കുടുംബമാണു് മിഷനറിമാരുടെ പിള്ളത്തൊട്ടി. ഉത്തമകുടുംബങ്ങൾ നല്ല വൈദികരേയും തിക്കുണ്ണതയുള്ള പ്രേഷിതരേയും സഭയ്ക്കു കാഴ്ചവയ്ക്കുന്നു. മാതാപിതാക്കന്മാരുടെ സ്നേഹമസൃണമായ ഉപദേശങ്ങളും സന്മാതൃകയും ഭക്തജീവിതവും സന്താനങ്ങളിൽ പ്രേഷിതചൈതന്യം അങ്കുരിപ്പിക്കുന്നു. ക്രിസ്തുവിനും സഭയ്ക്കുംവേണ്ടി ജീവാപ്പണം ചെയ്യുവാനുള്ള പ്രേരകശക്തി മക്കളിൽ ഉല്പാദിപ്പിക്കേണ്ടതു് മാതാപിതാക്കന്മാരാണു്.

2. സൺഡേസ്ക്കൂളുകൾ—മതപഠനം

ബാലികാബാലന്മാർ ഇളംപ്രായത്തിൽത്തന്നെ മതതത്വങ്ങൾ പഠിച്ചറിയുകയും സുകൃതജീവിതത്തിന്റെ പ്രാരംഭപരിശീലനം സമ്പാദിക്കുകയും വേണം. ഇക്കാര്യത്തിൽ സമർത്ഥരും സ്വഭാവഗുണമുള്ളവരുമായ സൺഡേസ്കൂൾ അദ്ധ്യാപകർക്ക് ഗണ്യമായ സേവനംചെയ്യുവാൻ കഴിയും. നമ്മുടെ ഇടവകകളിലെ സൺഡേസ്കൂളുകൾ കഴിയുന്നത്ര കാര്യക്ഷമമാക്കുന്നതിനു ബ. വൈദികരും അദ്ധ്യാപകരും മാതാപിതാക്കന്മാരും ഉത്സാഹിക്കണം. ഈ വിഷയത്തെപ്പറ്റി സവിസ്തരം പ്രതിപാദിച്ചിട്ടുള്ള നമ്മുടെ മുൻലേഖനത്തിലേക്കു നിങ്ങളുടെ ശ്രദ്ധ വീണ്ടും ക്ഷണിക്കുന്നു.

3. കൗദാശികജീവിതം—ദിവ്യബലി.

ആദ്ധ്യാത്മിക ജീവിതം ഫലസമൃദ്ധമാകുന്നതു ദൈവത്തോടു ഏറെയടുത്ത ബന്ധം പാലിക്കുന്നതിൽനിന്നാണ്. പ്രാർത്ഥനയും ക്രമാശകളും ദൈവികദാനങ്ങൾ പ്രവഹിപ്പിക്കുന്ന നീർച്ചാലുകളാണ്. അവയിൽനിന്നും നാം ധാരാളമായി പകർന്നെടുക്കണം. ദിവ്യബലിയാകട്ടെ ദൈവാനുഗ്രഹങ്ങളുടെ ആഴമേറിയ ജലാശയംതന്നെയാണ്. എല്ലാ ക്രൈസ്തവരും ക്രമാശകളേയും ദിവ്യബലിയേയും അതിമാത്രം വിലമതിക്കുകയും അവയിൽനിന്നും ശക്തി സംഭരിക്കുകയും വേണം. ബാലികാബാലന്മാർ പ്രാർത്ഥനയിലും ക്രമാശകളിലും ദിവ്യബലിയിലും അഭൗമമായ ഒരു ആനന്ദം കണ്ടെത്തണം. മാതാപിതാക്കന്മാരും മറ്റു ഗുരുജനങ്ങളും അവരെ അതിനു പ്രാപ്തരാക്കട്ടെ.

4. വിദ്യാലയങ്ങളിലെ പാവനമായ അന്തരീക്ഷം

ഏവർക്കും അറിയാവുന്നതുപോലെ നമ്മുടെ സമുദായം വിവിധ നിലവാരങ്ങളിലായി അനേകം വിദ്യാലയങ്ങൾ

സ്ഥാപിച്ചുനടത്തിപ്പോരുന്നു. വളരെ കഷ്ടപ്പെട്ടും ത്യാഗം അനുഷ്ഠിച്ചുമാണു് നമ്മുടെ വിദ്യാലയങ്ങൾ നിലനിറുത്തിപ്പോരുന്നതു്. അങ്ങനെ ചെയ്യുന്നതു് നമ്മുടെ പ്രിയപ്പെട്ട സന്താനങ്ങൾക്കു് ഉത്തമപരിശീലനം നല്കുവാനാണല്ലോ. നമ്മുടെ ഉദ്ദേശം സാധിക്കണമെങ്കിൽ ബന്ധപ്പെട്ട എല്ലാവരും കരുതലോടെ വർത്തിക്കണം. മാനേജ്മെൻറും അദ്ധ്യാപക സമൂഹവും തമ്മിൽ സൗഹൃദബന്ധം പുലർത്തുകയും നമ്മുടെ അരുമസന്താനങ്ങൾക്കു് ഏറ്റവും നല്ല പരിശീലനം നല്കുവാൻ ഉറപ്പുവരുത്തുകയും ചെയ്യണം. അദ്ധ്യാപകന്മാർ നിർവഹിക്കുന്നതു് അതിപാവനമായ പ്രേഷിതവൃത്തിതന്നെയാണു്. സഭയുടെ അപ്പസ്തോലികവേലയിൽ സജീവമായ പങ്കുവഹിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണെന്നുള്ള ഉത്തമബോദ്ധ്യം അവർക്കുണ്ടായിരിക്കണം. വിദ്യാലയങ്ങളിൽ പാവനമായ ഒരു അന്തരീക്ഷം പരിരക്ഷിക്കുന്നതിനുള്ള കടമ അവരിൽ നിക്ഷിപ്തമാണു്. വിദ്യാർത്ഥികൾ അവരിൽ മാതൃകാപുരുഷന്മാരെ ദർശിക്കണം. ക്രിസ്തുവിൻെറ ചൈതന്യം ഉൾക്കൊണ്ടു് അതു ശിഷ്യന്മാർക്കു് പകർന്നുകൊടുക്കുവാൻ ഉദ്യമിക്കുകയാണു് അദ്ധ്യാപക ധർമ്മം.

5. കത്തോലിക്കാപ്രവർത്തനസംഘങ്ങൾ

വിൻസെൻറ് ഡി പോൾ സംഘം, ലീജിയൻ ഓഫ് മേരി മുതലായ കത്തോലിക്കാപ്രവർത്തന സംഘങ്ങളെപ്പറ്റി നിങ്ങൾക്കറിവുള്ളതാണല്ലോ. ആന്തരികവിശുദ്ധി സമ്പാദിക്കുന്നതിനും ജീവകാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിനും പ്രസ്തുത സംഘടനകൾക്കുള്ള സാദ്ധ്യതയേയും അവസരങ്ങളേയുംപറ്റി ഇവിടെ ദീർഘമായി പ്രതിപാദിക്കുന്നില്ല. ആ സംഘടനകൾ നിങ്ങളുടെ സഹായസഹകരണങ്ങൾകൊണ്ടു കൂടുതൽ കൂടുതൽ സജീവമായി പ്രവർത്തിക്കുവാൻ ഇടയാകട്ടെ എന്നു് ആശംസിക്കുക മാത്രമാണു് ഇപ്പോൾ ചെയ്യുന്നതു്. യുവതീയുവാക്കന്മാർ ഇങ്ങനെയുള്ള സംഘടനകളുടെ

പ്രവർത്തനപദ്ധതികൾ ഏറ്റെടുക്കുവാൻ മുമ്പോട്ടുവരണം. പ്രേഷിതചൈതന്യം ഉജ്ജ്വലമാക്കുവാൻ അവ സന്ദർഭം നല്കുമെന്നുള്ളതിനു സംശയമില്ല.

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

ഈ മാസം 22-ാംതീയതി മിഷൻ ഞായറാഴ്ചയാണ്. സുവിശേഷപ്രചരണംസംബന്ധിച്ചുള്ള കാര്യങ്ങൾ പഠിക്കുന്നതിനും ചർച്ചചെയ്യുന്നതിനും പ്രായോഗികമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുമുള്ള അവസരമാണിതു്. വേദപ്രചാരവിഷയകമായി സാർവ്വത്രികസഭയിൽ പ്രവർത്തിക്കുന്ന സംഘടനകൾ പലതാണു്. പൊന്തിഫിക്കൽ വേദപ്രചാരസംഘം, തിരുബാലസഖ്യം, വി. പത്രോസിന്റെ തിരുസ്സംഘം എന്നിവ അവയിൽ പ്രധാനപ്പെട്ടവയാകുന്നു. നമ്മുടെ രൂപതയിലും അവ പ്രവർത്തിച്ചുവരുന്നുണ്ടു്. പൊന്തിഫിക്കൽ വേദപ്രചാരസംഘത്തിന്റെ ആഭിമുഖ്യത്തിൽ മിഷൻ സൺഡേ ലോകമെങ്ങും ആചരിച്ചുവരുന്നു. ഇക്കൊല്ലത്തെ മിഷൻ സൺഡേ പൂർവ്വാധികം വിജയപ്രദമായി ആചരിക്കുവാൻ നിങ്ങളേവരേയും നാം ആഹ്വാനംചെയ്യുന്നു. എല്ലാവരും അന്നു് ദിവ്യകാരുണ്യം സ്വീകരിക്കുകയും തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും, ഇടവകകളിൽ മിഷൻ പ്രവർത്തനങ്ങളെ അധികരിച്ചു് സ്റ്റഡിക്ലാസ്സുകളും പൊതുയോഗങ്ങളും നടത്തുകയും മറ്റു യുക്തമായ പരിപാടികൾ സ്വീകരിക്കുകയും ചെയ്യണം. പണമായും ഉല്പന്നങ്ങളായും മറ്റുമുള്ള പിരിവുകൾ അന്നും അടുത്ത ദിവസങ്ങളിലുമായി ശേഖരിക്കണം. പിരിഞ്ഞുകിട്ടുന്ന തുക നവംബർ 15-ാംതീയതിക്കകം നമ്മുടെ രൂപതാ പ്രൊക്യുറേറ്ററെ ഏല്പിക്കേണ്ടതാണു്.

നമ്മുടെ രൂപതയിലേയും നമ്മുടെ നാട്ടിലേയും മിഷൻപ്രവർത്തനങ്ങളുടെ ചരിത്രത്തിൽ ശോഭനമായ ഒരു

അദ്ധ്യായം ഉൽഘാടനംചെയ്ത സംഭവമാണു പെരുപുഷ്പ മിഷൻലീഗിന്റെ സ്ഥാപനം. 1947 ഒക്ടോബറിൽ ഭരണങ്ങാനത്തു് Little Flower Mission League ഉദയംചെയ്തു. വിനീതമായി ആരംഭിച്ച ഈ സംഘടന ബാലികാബാലന്മാരുടേയും, വൈദികരുടേയും അല്മായരുടേയും, യുവജനങ്ങളുടേയും വൃദ്ധജനങ്ങളുടേയും പരിലാളനയ്ക്കു പാത്രീഭവിച്ചു. അചിരേണ പാലാ, ചങ്ങനാശ്ശേരി രൂപതകളിലെ മിക്ക ഇടവകകളിലും അതിന്റെ ശാഖകൾ സ്ഥാപിക്കപ്പെട്ടു. പിന്നീടു് കേരളത്തിലെ മറ്റു രൂപതകളിലും, തുടർന്നു കേരളത്തിനു വെളിയിലുള്ള രൂപതകളിലും പെരുപുഷ്പ മിഷൻലീഗ് സ്വാഗതം ചെയ്യപ്പെട്ടിരിക്കുന്നു. വേഗപ്രചാരവിഷയകമായി ഉണർവ്വും ഉന്മേഷവും സൃഷ്ടിച്ച നമ്മുടെ ജനങ്ങളെ പ്രബുദ്ധരാക്കുവാൻ ലീഗിനു കഴിഞ്ഞിട്ടുണ്ടെന്നുള്ളതു് ശ്രദ്ധേയമായ ഒരു വസ്തുതയാണു്. എങ്കിലും ഇനിയും പലതും ചെയ്യുവാനുണ്ടു്. സംഘടനാപരമായും പ്രവർത്തനപരിപാടികൾ സംബന്ധിച്ചും ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി ലീഗംഗങ്ങളും അഭ്യുദയകാംക്ഷികളും അവധാനപൂർവ്വം ചിന്തിക്കുവാനുള്ള അവസരമാണു് മിഷൻ ഞായർ. പെരുപുഷ്പ മിഷൻലീഗ് സംബന്ധിച്ചും ഇദ്ധ്യായിലെ സുവിശേഷവേലയെക്കുറിച്ചും ഇനിയും പല കാര്യങ്ങൾ നിങ്ങളെ അറിയിക്കേണ്ടതായിട്ടുണ്ടു്. നമ്മുടെ അടുത്ത ലേഖനത്തിൽ അവയെപ്പറ്റി പ്രതിപാദിക്കാമെന്നു കരുതുന്നു.

ഒക്ടോബർ ജപമാലഭക്തിയുടെ മാസമാണല്ലോ. പതിവനുസരിച്ചുള്ള ഭക്തചിന്തകളോടുകൂടി ഇക്കൊല്ലവും പള്ളികളിലും കുടുംബങ്ങളിലും കൊന്ത ജപിച്ചുകൊണ്ടു് ദൈവമാതൃഭക്തി ആചരിക്കുവാൻ നിങ്ങളേവരേയും നാം ഉൽബോധിപ്പിക്കുന്നു. ക്രിസ്തുനാഥന്റെ രാജത്വതിരുനാൾ ഒക്ടോബർ 29-ാംനു-യാണെന്നുള്ള വസ്തുത ഓർമ്മിക്കുമല്ലോ. ക്രിസ്തുവിന്റെ രാജ്യം ഐഹികമല്ല, പാരത്രികമാണു്.

അവിടുന്നു സാക്ഷാൽ രാജാവുതന്നെയാണു്. നമ്മുടെ ഹൃദയങ്ങളിലും കുടുംബങ്ങളിലും സമുദായത്തിലും പൊതുജീവിതത്തിലും അവിടുത്തെ രാജത്വം യഥാർത്ഥവും സജീവവുമായി ഭവിക്കുവാൻ ഇടയാകട്ടെ. നിരീശ്വരത്വവും ഭൗതികമാത്രചിന്തകളും രാജ്യത്തും സമുദായത്തിലും നുഴഞ്ഞുകയറുന്ന കാലമാണല്ലോ ഇതു്. ക്രിസ്തുവിന്റെ സ്നേഹവാഴ്ചയ്ക്കു് എല്ലാ ക്രിസ്ത്യാനികളും പരിപൂർണ്ണമായി വിധേയരാവണം. രാജത്വപതിരുനാൾ യഥോചിതം കൊണ്ടാടുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. അന്നു നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ആഘോഷപൂർവ്വമായ പാട്ടുകുർബാന ചൊല്ലി ക്രിസ്തുനാഥനെ മഹത്വപ്പെടുത്തണം.

പിതാവിന്റേയും ✠ പുത്രന്റേയും ✠ പരിശുദ്ധാത്മാവിന്റേയും ✠ നാമത്തിൽ നിങ്ങളേവരേയും നാം ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

+ Sebastian Vayalil

സെബാസ്റ്റ്യൻ വയലിൽ
പാലാ രൂ. മെത്രാൻ

മെത്രാസനമന്ദിരം, പാലാ,
12—10—1967

N. B. ഈ ഇടയലേഖനം അടുത്ത ഞായറാഴ്ച വി. കുർബാനയിലേ ഏവൻഗേലിയോൻ കഴിഞ്ഞു പള്ളിയിൽ വായിച്ചുകൊള്ളണം.

DIRECTIONS REGARDING GREGORIAN MASS

De continuitate celebrationis Missarum Tricenarii Gregoriani

Tricenario Gregoriano, quod ex improviso impedimento, (e. g. Superveniente morbo), aut ex alia rationabili causa (e. g celebratione Missae funeris vel sponsalium), interrumpitur, ex dispositione Ecclesiae, fructus suffragii servantur, quos eidem Tricenario praxis Ecclesiae et pietas fidelium hucusque agnoverunt, firma obligatione sacerdotis celebrantis quamprimum complendi celebrationem triginta Missarum.

Ordinarius vero opportune invigilet ne in re tanti momenti abusus irrepserint.

Datum Romae, de mandato Summi Pontificis Pauli VI, die 24 Februarii 1967.

✠ Petrus Palazzini, a Secretis
Florentius Romita, Subsecretarius

നമ്മുടെ ശ്രുപതയിൽ 1967 നവംബർ 1 മുതൽ ഗ്രീഗോരിയൻ കുർബാനയുടെ ധർമ്മം 150 ശ്രുപയായി നാം നിശ്ചയിക്കുന്നു.

† സെബാസ്റ്റ്യൻ വയലിൽ
പാലാ ശ്രു. മെത്രാൻ

പാലാ മെത്രാസനമന്ദിരം,
12—10—1967

Circular No. 122

വന്ദ്യസഹോദരരേ പ്രിയമക്കളേ,

1967 മേയ് 25-ാം തീയതി Sacred Congregation of Rites വഴിയായി പരി. പിതാവു് ആറാം പോൾ മാപ്പാപ്പാ വി. കുർബാനയുടെ ആരാധനക്രമത്തെ സംബന്ധിച്ചു് ചില നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടു്. അവ നേരിട്ടു ലത്തീൻ സഭയെയാണു ബാധിക്കുന്നതു്. എങ്കിലും അവയിലെ അടിസ്ഥാനതത്വങ്ങളനുസരിച്ചു താഴെപ്പറയുന്ന വ്യതിയാനങ്ങൾ നമ്മുടെ ശ്രുപതയിൽ വരുത്തുന്നു.

1) ഇനിമേൽ പതിമൂന്നുമണി ആരാധനയ്ക്കും നാല്പതു മണി ആരാധനയ്ക്കും പരി. കുർബാന പരസ്യമായി സ്ഥാപിക്കുന്നതു വി. കുർബാന ചൊല്ലിയശേഷമായിരിക്കണം. വി. കുർബാന പരസ്യമായി എഴുന്നള്ളിച്ചുവച്ചിരിക്കുന്ന അവസ്ഥയിൽ വി. കുർബാന ചൊല്ലുവാൻ പാടില്ല. ആദ്യവെള്ളിയാഴ്ചകളിൽ വി. കുർബാന എഴുന്നള്ളിച്ചുവച്ചുകൊണ്ടുള്ള കുർബാന ഇനി നടത്തേണ്ടതില്ല.

2) ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും വി. കുർബാനയുടെ വാഴ്വു് വൈകുന്നേരം നടത്തുന്നതു സവ്വഥാ അഭിലഷണീയമായിരിക്കും. അതിനു പ്രയാസമുള്ളിടത്തു് വി. കുർബാന കഴിഞ്ഞു് ഉടനെ വാഴ്വു് നടത്താതെ ഉപദേശമോ ദൈവവചന ശുശ്രൂഷയോ നടത്തിയതിനുശേഷം വാഴ്വു് നടത്തേണ്ടതാണു്.

3. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഒരു പള്ളിയിൽ ഒരേസമയത്തു പല കുർബാനകൾ ചൊല്ലുവാൻ പാടുള്ളതല്ല.

പല ബ. വൈദികരുണ്ടെങ്കിൽ സമൂഹബലി നടത്താവുന്നതാണു്.

† സെബാസ്റ്റ്യൻ വയലിൽ
പാലാ മെത്രാൻ

പാലാ മെത്രാസനമന്ദിരം,
12—10—1976

N. B. ഈ സർക്കുലർ അടുത്ത ഞായറാഴ്ച പള്ളിയിൽ വായിക്കണം.

"ഒസ്സർവാത്തോരേ റൊമാനോ" (ഇംഗ്ലീഷിൽ)

മാപ്പാപ്പാ തിരുമനസ്സിലേ പ്രസംഗങ്ങളും ചാക്രിക ലേഖനങ്ങളും പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള മറ്റു രേഖകളും സാവ്വത്രിക സഭയിലേ പ്രധാനപ്പെട്ട വാത്തകളും റോമിൽനിന്നു് ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നതിനായി അധികൃതർ ആലോചിച്ചു വരുകയാണു്. വത്തിക്കാന്റെ അർദ്ധഔദ്യോഗിക നാവായ "ഒസ്സർ വാത്തോരെ റൊമാനോ"യുടെ വാരാന്ത്യ ഇംഗ്ലീഷ് പതിപ്പായി പ്രസിദ്ധീകരിക്കുവാനാണു് ഉദ്ദേശിക്കുന്നതു്. ബ. വികാരിമാർ ഈ വിവരം പള്ളിയിൽ അറിയിക്കുകയും പ്രസ്തുത പ്രസിദ്ധീകരണം ലഭിക്കുവാൻ ആഗ്രഹിക്കുന്നവരുടെ പേരുവിവരം "സെക്രട്ടറി, ബിഷപ്സ് ഹൗസ്, പാലാ", എന്ന മേൽവിലാസത്തിൽ ഒക്ടോബർ 29–ാംതീയതിക്കകം അയച്ചുതരുകയും ചെയ്യണം.

✠ S. V.

വൈദികസെനറ്റു്; പാസ്റ്ററൽ കൗൺസിൽ

1967 ആഗസ്റ്റ് 8–ാംതീയതി മെത്രാസനമന്ദിരത്തിൽ വച്ചു നടത്തപ്പെട്ട സമ്മേളനത്തിൽ വൈദികസെനറ്റും, സെപ്റ്റംബർ 14-ാംതീയതി സെൻറു് തോമസ് ടെയിനിംഗ് കോളെജിൽ വച്ചു നടത്തപ്പെട്ട സമ്മേളനത്തിൽ പാസ്റ്ററൽ കൗൺസിലും വന്ദ്യപിതാവു് ഉദ്ഘാടനം ചെയ്തിരിക്കുന്നു.

രൂപതയിലെ വിവിധ സംഘടനകളുടെ പ്രവത്തനങ്ങൾ കൂട്ടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുനേതൃത്വം നല്കുന്നതിനും ഒരു കാത്തലിക്കു് സെൻറർ സ്ഥാപിക്കണമെന്നും, സൂനഹദോസ് വിഭാവനം ചെയ്ത നവോത്ഥാനം സാധിതമാക്കുന്നതിനു രൂപതവകയായി ഒരു പ്രസിദ്ധീകരണം ആരംഭിക്കണമെന്നും പാസ്റ്ററൽ കൗൺസിൽ ഐകകണ്ഠ്യേന തീരുമാനമെടുത്തു. ഇവ പ്രാവത്തികമാക്കുന്നതിനു കമ്മിറ്റികൾ പ്രവത്തിച്ചുകൊണ്ടിരിക്കുകയാണു്.

ബ. വൈദികരുടെ സ്ഥലംമാറ്റം, നിയമനം

നിലപ്പന ബ. ഗീവർഗീസച്ചൻ ചേറുതോട്ട് വികാരി
പാറക്കുളങ്ങര ബ. യൗസേപ്പച്ചൻ മൂഴൂർ ,,
കാരാംവേലിൽ ബ. സെബാസ്റ്റ്യൻ അച്ചൻ തീക്കോയി ,,
വരകിപ്പറമ്പിൽ ബ. മത്തായി അച്ചൻ വടകര ,,
പ്ലാക്കാട്ട പെ. ബ. തോമ്മാച്ചൻ മുട്ടുചിറ ഫൊ. ,,
മുതുകാട്ടിൽ പെ. ബ. കുര്യാക്കോസച്ചൻ ആനക്കല്ല് ഫൊ. വികാരി
പനക്കക്കുഴിയിൽ ബ. സെബാസ്റ്റ്യൻ അച്ചൻ
അറക്കുളം പുത്തൻപള്ളി ,,
വലിയപറമ്പിൽ ബ. എബ്രാഹം അച്ചൻ ചേന്നാട്ട് ,,
വെള്ളരിങ്ങാട്ട ബ. യാക്കോബച്ചൻ മുത്തോലി ,,
ചിറക്കോടത്തു ബ. എബ്രാഹം അച്ചൻ തിടനാട് ,,
തയ്യിൽ ബ. ജോർജ് അച്ചൻ പ്ലാശനാൽ അസി. വികാരി
വയലിൽകളപ്പുരയിൽ ബ. മത്തായിഅച്ചൻ
കുറവിലങ്ങാട് ഫൊ. ,, ,,
ഇല്ലിമൂട്ടിൽ ബ. മത്തായിഅച്ചൻ
ചെമ്മലമറ്റം ,, ,,
മറ്റപ്പള്ളിൽ ബ. മത്തായിഅച്ചൻ നീലൂർ ,, ,,
ചന്ദ്രൻകുന്നേൽ ബ. മത്തായിഅച്ചൻ
പാലാ സെൻറ് തോമസ് കോളെജ് ലക്ചറർ
തകടിയേൽ ബ. എബ്രാഹം അച്ചൻ
പാലാ സെൻറ് തോമസ് കോളെജ് ലക്ചറർ
ചെറുകരക്കുന്നേൽ ബ. അലക്സാണ്ടർ അച്ചൻ
പാലാ അൽഫോൻസാ കോളെജ് ലക്ചറർ
വരിക്കയാനിക്കൽ ബ. ആന്റണി അച്ചൻ
കുറവിലങ്ങാട് ദേവമാതാ കോളെജ്, ലക്ചറർ
തെങ്ങുംമൂട്ടിൽ ബ. മത്തായി അച്ചൻ അരുവിത്തുറ
സെൻറ് ജോർജ്സ് കോളെജ് ലക്ചറർ
തണ്ണീപ്പാറ ബ. യൗസേപ്പച്ചൻ
പ്രിൻസിപ്പൽ ദേവമാതാ കോളെജ്,കുറവിലങ്ങാട്
നങ്ങച്ചിവീട്ടിൽ ബ. തോമസ് അച്ചൻ
പ്രിൻസിപ്പൽ, ബി. ഇഡ്. കോളെജ്, പാലാ

മോൺസിഞ്ഞോർ സ്ഥാനം

വടവാതൂർ അപ്പസ്തോലിക്ക് സെമിനാരി റെക്ടർ വെരി റവ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ, പാലാ സെൻറ് തോമസ് കോളജ് പ്രിൻസിപ്പൽ വെരി റവ. ജോസഫ് കുരീത്തടം, പാലാ മൈനർ സെമിനാരി റെക്ടർ വെരി റവ. തോമസ് മൂത്തേടം, അൽഫോൻസാമ്മയുടെ നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്റർ വെരി റവ. ജെ. സി. കാപ്പൻ എന്നിവർക്ക് പരിശുദ്ധ സിംഹാസനത്തിൽ നിന്നു മോൺസിഞ്ഞോർ സ്ഥാനം നല്കിയിരിക്കുന്നു.

നിര്യാതനായി

മൂഴൂർ പള്ളി ഇടവക തെക്കേമുറിയിൽ ബ. അബ്രാഹം അച്ചൻ 1967 സെപ്റ്റംബർ 21-ാംതീയതി നിര്യാതനായി. ശവസംസ്കാരം പിറ്റേദിവസം മൂഴൂർ പള്ളിയിൽ വന്ദ്യമെത്രാനച്ചൻ തിരുമനസ്സിലെ പ്രധാന കാമ്മികത്വത്തിൽ നടത്തപ്പെട്ടു. പാറവാ പള്ളിയിൽ വികാരിയായിരുന്ന പരേതനു 74 വയസ്സു പ്രായമുണ്ടായിരുന്നു.

മിഷൻഞായർ

മിഷൻഞായറാഴ്ചത്തേക്കുവേണ്ട ചുവർചിത്രങ്ങൾ, അംഗത്വകാർഡുകൾ, ബാഡ്ജുകൾ, ലഘുലേഖകൾ മുതലായവ ഓരോ ഇടവകയിലേക്കും അയച്ചിട്ടുണ്ട്. ഒക്ടോബർ 14-ാം തീയതി ശനിയാഴ്ചക്കകം ഏതെങ്കിലും ഇടവകയിൽ ഇവ കിട്ടാതെവന്നാൽ ശുപത്രാ കേന്ദ്രത്തിൽ ആവശ്യപ്പെട്ടാൽ ലഭിക്കുന്നതായിരിക്കും. അതുപോലെതന്നെ, ഏതെങ്കിലും ഇടവകയിൽ ചുവർചിത്രങ്ങൾ, അംഗത്വകാർഡുകൾ മുതലായവ കൂടുതൽ ആവശ്യമുണ്ടെങ്കിൽ ആ വിവരം അറിയിക്കുവാനപേക്ഷ.

P. M. A. S. ശുപത്രാധിപർ

ത്രുപതാ ഡയറി

1967 ജൂലൈ 3. സെൻറ് തോമസ് കോളെജിനോടനുബന്ധിച്ചു പണികഴിപ്പിച്ചിരിക്കുന്ന ഫാത്തിമാമാതാ ഹോസ്റ്റൽ വന്ദ്യ പിതാവു വെഞ്ചരിച്ചു.

8. പാലാ സെൻറ് തോമസ് ഹൈസ്കൂളിലെ സാഹിത്യ സമാജങ്ങളുടെ ഉദ്ഘാടനസമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

9. വന്ദ്യപിതാവു പാലാ കത്തീഡ്രൽ പള്ളിയിൽ ദിവ്യ ബലി അർപ്പിച്ചു; പ്രസംഗിച്ചു. പുതുതായി പണിതീർത്ത സിമിത്തേരി വെഞ്ചരിച്ചു.

16. ഭരണങ്ങാനം മേരിഗിരി ആശുപത്രിയിലെ നേഴ്സിംഗ് സ്കൂളിൽ ഒരു സമ്മേളനത്തിൻെറ ആദ്ധ്യക്ഷ്യംവഹിച്ചു.

24. വന്ദ്യപിതാവു തൊടുപുഴ ന്യൂമാൻ കോളെജിലെ ഡിഗ്രി കോഴ്സുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

27. വന്ദ്യപിതാവ് അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ ദിവ്യബലി അർപ്പിച്ചു.

ആഗസ്റ്റ് 2. അരുണാപുരത്തു കർമ്മലീത്താസന്യാസിനികൾക്കായി പണിയാനുദ്ദേശിക്കുന്ന പുതിയ കെട്ടിടത്തിൻെറ ശിലാസ്ഥാപനം നടത്തി.

3. എറണാകുളം ആർച്ച്ബിഷപ്സ് ഹൗസിൽവച്ചു നടത്തപ്പെട്ട സീറോ-മലബാർ ബിഷപ്സ് കോൺഫ്രൻസിൽ സംബന്ധിച്ചു.

8. നമ്മുടെ ത്രുപതയിൽ സംഘടിപ്പിച്ചിരിക്കുന്ന വൈദികസെനററിൻെറ ഉദ്ഘാടനം മെത്രാസനമന്ദിരത്തിൽവച്ചു നടത്തി.

13, മുത്തോലി കർമ്മലീത്താമഠത്തിൽ ഏതാനും കന്യാസ്ത്രീകളുടെ വ്രതവാഗ്ദാനത്തിൻെറ കനകജൂബിലിയാഘോഷങ്ങളിൽ പങ്കുകൊണ്ടു.

15. കൂടല്ലൂർ ഇടവകയിൽ പുതുതായി പണികഴിപ്പിച്ചിരിക്കുന്ന കപ്പേള വെഞ്ചരിച്ചു.

സെപ്റ്റംബർ 5. അഖിലകേരളമദ്യവർജ്ജന ക്രൈസ്തവ സംയുക്തസമിതിയുടെ സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചു. മെത്രാസനമന്ദിരത്തിൽവച്ചു നടന്ന പ്രസ്തുത സമ്മേളനത്തിൽ വിവിധ ക്രൈസ്തവസഭാധ്യക്ഷന്മാരും വൈദികരും അത്മായപ്രമുഖരും സംബന്ധിച്ചിരുന്നു.

6. വന്ദ്യപിതാവു് ചങ്ങനാശ്ശേരി മെത്രാപ്പോലീത്തതിരുമേനിയെ സന്ദർശിച്ചു.

7. പൂവരണിയിൽ പുതുതായി പണികഴിപ്പിച്ചിരിക്കുന്ന തിരുഹൃദയമഠവും കപ്പേളയും വെഞ്ചരിച്ചു.

9. സെൻറു് തോമസ് ടെയിനിംഗ് കോളെജിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു.

14. സെൻറു് തോമസ് ടെയിനിംഗ് കോളെജ് ഹാളിൽ വച്ചു നടത്തപ്പെട്ട വൈദിക-അല്മായ സമിതിയുടെ പ്രഥമയോഗത്തിൽ ആധ്യക്ഷ്യം വഹിച്ചു.

20. വിശാഖപട്ടണം രൂപതയുടെ മെത്രാൻ റൈറു് റവ. ഡോ. ഇഗ്നേഷ്യസ് ഗോപു തിരുമേനി വന്ദ്യപിതാവിനെ സന്ദർശിച്ചു.

21. വന്ദ്യപിതാവു് ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത തിരുമേനിയെ സന്ദർശിച്ചു.

22. പരേതനായ തെക്കേമുറി ബ. അബ്രാഹംഅച്ചൻറെ സംസ്കാര ചടങ്ങുകളിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

24. കത്തോലിക്കാ യുവജനസംഘടനയുടെ ഉദ്ഘാടനം പാലാ സെൻറു് തോമസ് ഹൈസ്കൂളിൽവച്ചു നിർവ്വഹിച്ചു.

വൈകുന്നേരം വന്ദ്യപിതാവു വാർഷികധ്യാനം കഴിക്കുവാൻ പീരുമേട്ടിലേക്കു പോയി.

ഒക്ടോബർ 1. വാർഷികധ്യാനത്തിനുശേഷം വന്ദ്യപിതാവു പാലായിൽ തിരിച്ചെത്തി.

3. തിരുഹൃദയസഭയിലെ അത്മിനികൾക്കു ശിരോവസ്ത്രം നല്കി.

ഉച്ചകഴിഞ്ഞു് പിറവത്തു് ഒരു സൺഡേസ്കൂളിനും കമ്മെലീത്താമഠംവക കപ്പേളയ്ക്കും പെരിയപ്പുറം ദൈവാലയത്തിന്റെ എക്സ്റ്റൻഷനും ശിലാസ്ഥാപനം നടത്തി.

5. ഇൻഡസ്ട്രിയൽ എസ്റ്റേറ്റു സന്ദർശിച്ചു; I. T. I. വിദ്യാത്ഥികളോടു പ്രസംഗിച്ചു.

Printed at the St. Thomas Press, Palai
Published by Fr. Thomas Purayidom